# പതിനാലാം കേരള നിയമസഭ

## പതിനാറാം സമ്മേളനം

**നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ 322** **11.11.2019-ൽ മറുപടിക്ക്**

## മാവോയിസ്റ്റ് പ്രവർത്തനം

| | ചോദ്യം<br>ശ്രീ. വി.കെ.ഇബ്രാഹിം കുഞ്ഞ്<br>ശ്രീ. മഞ്ഞളാംകുഴി അലി<br>ശ്രീ. എം.ഉമ്മർ<br>ശ്രീ. കെ.എൻ.എ ഖാദർ | | മറുപടി<br>പിണറായി വിജയൻ<br>(മുഖ്യമന്ത്രി) |
|---|---|---|---|
| (എ) | ഈ സർക്കാർ അധികാരത്തിൽ വന്നശേഷം മാവോയിസ്റ്റുകളുടെ പ്രവർത്തനം വർദ്ധിച്ചു വരുന്ന സാഹചര്യമുണ്ടെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം മാവോയിസ്റ്റുകളുടെ പ്രവർത്തനങ്ങൾ വർദ്ധിച്ചു വരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. എന്നാൽ സംസ്ഥാനത്തെ പാലക്കാട്,മലപ്പുറം,വയനാട്, കോഴിക്കോട്, കണ്ണൂർ ജില്ലകളിലെ വനപ്രദേശങ്ങളിലും, ആദിവാസി മേഖലകളിലും മാവോയിസ്റ്റ് സാന്നിദ്ധ്യം സ്ഥിരീകരിച്ചിട്ടുണ്ട്. |
| (ബി) | മാവോയിസ്റ്റുകളെ കീഴടങ്ങാൻ പ്രേരിപ്പിക്കുന്ന പാക്കേജ് പ്രകാരം സംസ്ഥാനത്ത് എത്രപേർ കീഴടങ്ങിയിട്ടുണ്ട് എന്നറിയിക്കാമോ; | (ബി) | ആരുംതന്നെ കീഴടങ്ങിയിട്ടില്ല. |
| (സി) | പാക്കേജുകൾ പ്രഖ്യാപിച്ചിട്ടും ഇത്തരം പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നവരെ പിന്തിരിപ്പിക്കാൻ കഴിയാത്തത് എന്തുകൊണ്ടാണെന്ന് വിലയിരുത്തിയിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ? | (സി) | വിലയിരുത്തിയിട്ടുണ്ട്. മാവോയിസ്റ്റ് സറണ്ടർ പോളിസിക്ക് വിഘാതമായി നിൽക്കുന്ന പ്രധാന കാരണങ്ങൾ ചുവടെ പറയുന്നു.<br>● കേരളത്തിലെ മാവോയിസ്റ്റ് പ്രവർത്തകർ കൂടുതലും ഇതര സംസ്ഥാനങ്ങളിൽ നിന്നുള്ളവരാണ്. സറണ്ടർ ആകുന്ന മാവോയിസ്റ്റ് പ്രവർത്തകർ അവരുടെ മാതൃ സംസ്ഥാനത്തെയാണ് |

| | | | |
|---|---|---|---|
| | | | പരിഗണിക്കാൻ കൂടുതലായി സാദ്ധ്യത കാണാറുള്ളത്. സറണ്ടറിന് ശേഷമുള്ള അവരുടെ ജീവിതം ബന്ധുക്കളും സഹായികളുമുള്ള മേഖലയിലായാൽ അവരിൽ കൂടുതൽ സുരക്ഷിതത്വബോധം സൃഷ്ടിക്കും എന്നുള്ളതിനാൽ മറ്റ് സംസ്ഥാനങ്ങളിൽ നിന്നുള്ളവർ കേരളത്തിൽ സറണ്ടർ ആകാനുള്ള സാദ്ധ്യത കുറവാണ്.<br>● പ്രസ്തുത പോളിസി പ്രകാരം സറണ്ടർ ആകുന്ന മാവോയിസ്റ്റ് പ്രവർത്തകർ അവരുടെ വ്യക്തി വിവരങ്ങൾ വെളിപ്പെടുത്തണം എന്നതും, മാധ്യമങ്ങളിലൂടെ അവരുടെ സ്വമേധയാലുള്ള കീഴടങ്ങലിനെ കുറിച്ച് പരസ്യ പ്രസ്ഥാവന നടത്തുന്നതും മറ്റ് മാവോയിസ്റ്റ് പ്രവർത്തകർക്ക് അവരോടുള്ള വെറുപ്പ് ഉണ്ടാകുവാൻ കാരണമാകും എന്നതും.<br>● സറണ്ടർ പോളിസി അനുസരിച്ച് കീഴടങ്ങുന്ന മാവോയിസ്റ്റുകൾക്ക് നിലവിലുള്ള അവരുടെ കേസ്സുകളിൽ നിന്നും മുക്തരാകാൻ കഴിയുമോ എന്ന ആശങ്ക. |

**സെക്ഷൻ ഓഫീസർ**